**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 948** **31-01-2024 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിൽ വനം വകുപ്പിന്റെ പദ്ധതികൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോങ്ങാട് മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയതും നടപ്പാക്കി കൊണ്ടിരിക്കുന്നതുമായ പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോങ്ങാട് മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയതും നടപ്പാക്കി കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കോങ്ങാട് മണ്ഡലത്തിൽ നിലവിലുള്ള വനസംരക്ഷണ സമിതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കോങ്ങാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന പാലക്കാട് വനം ഡിവിഷന്റെ കീഴിലെ ഒലവക്കോട് റെയിഞ്ചിലെ ധോണി സെക്ഷൻ പരിധിയിൽ വരുന്ന തുടിക്കോട് വന സംരക്ഷണ സമിതി, മണ്ണാർക്കാട് ഡിവിഷനിലെ മണ്ണാർക്കാട് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന അച്ചിലട്ടി, ചെറുമല, വെറ്റിലചോല മങ്കട എന്നീ വനസംരക്ഷ സമിതികളാണ് കോങ്ങാട് മണ്ഡലം പരിധിയിൽ പ്രവർത്തിച്ചു വരുന്നത്. |
| (സി) | ശിരുവാണിയെ ഇക്കോ ടൂറിസം ഹബ്ബ് ആയി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | 2012-13 മുതൽ 2022-23 വരെയുള്ള അംഗീകരിച്ച വർക്കിംഗ് പ്ലാൻ പ്രകാരം ശിരുവാണിയിൽ ആവാസ വ്യവസ്ഥക്ക് കോട്ടം തട്ടാത്ത രീതിയിലുള്ള ഇക്കോ-ടൂറിസം പ്രവർത്തനങ്ങൾ അനുവദിച്ചിട്ടുണ്ട്. 2018 ലെ മഹാപ്രളയത്തിൽ പാലക്കയത്തിൽ നിന്ന് ശിരുവാണിയിലേക്കുള്ള റോഡ് തകർന്നതിനാൽ നിലവിൽ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. പുതുക്കിയ വർക്കിംഗ് പ്ലാൻ അംഗീകരിച്ച് വരുന്ന മുറയ്ക്കും, പാലക്കയം മുതൽ ശിരുവാണിയിലേക്കുള്ള റോഡ് ശരിയാകുന്ന മുറയ്ക്ക ശിരുവാണി ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ പുനരാരംഭിക്കാനാകും. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ഡിവിഷൻ | പ്രവൃത്തിയുടെ പേര് | റിമാർക്സ് |
|---|---|---|
| പാലക്കാട് | മീൻവല്ലം വെള്ളച്ചാട്ടത്തിന്റെ സമീപ പ്രദേശങ്ങളിലെ പരിപാലന പ്രവൃത്തികൾ | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| | ജണ്ട നിർമ്മാണം | |
| | മീൻവല്ലം വെള്ളച്ചാട്ടത്തിനോട് അനുബന്ധിച്ച് ടിക്കറ്റ് കൗണ്ടർ നിർമ്മാണം | പ്രവൃത്തി പുരോഗമിച്ചുവരുന്നു |
| മണ്ണാർക്കാട് | കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ 34 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചത് | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| | വേലിക്കാട്-തുടിക്കോട് കോളനി 14 കി.മീ.<br>തരിപ്പതി-ഇഞ്ചികുന്ന് 14 കി.മീ.<br>ഇഞ്ചികുന്ന്-പൂഞ്ചോല 9 കി.മീ.<br>പാമ്പൻതോട്-പാക്കോട് കോളനി 6 കി.മീ.<br>എന്നിവടങ്ങളിലെ സൗരോർജ്ജ തൂക്കുവേലി നിർമ്മാണം | ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു |